# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നേമം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/BP-1976/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ(ജനറൽ), തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/BP-1976/2021 തീയ്യതി: 04/03/2022

## തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 03-12-2021 | 10-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-12-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.ലതാകുമാരി.എം. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

2.ശ്രീമതി.ജയലക്ഷമി.ബി.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

3.ശ്രീമതി.സീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

4.ശ്രീമതി.കല.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൽ.ശകുന്തളകുമാരി.ആർ.എസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കെ.അജികുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ഷീല.എസ് | സൂപ്രണ്ട് | 01-04-2019 | 23-09-2019 |
| ഡോ.ഗായത്രി.എൽ.കെ | സൂപ്രണ്ട് | 24-09-2019 | 31-03-2020 |
| ശ്രീമതി.ഹസ്ന മോൾ | അസി.എക്സി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷ.കെ.നായർ | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.ജയറാം.ജെ | അസി.ഡയറക്ടർ (കൃഷി) | 01-04-2019 | 05-01-2020 |
| ശ്രീമതി.റീജ.എസ്.ധരൻ | അസി.ഡയറക്ടർ (കൃഷി) | 06-01-2020 | 31-03-2020 |
| ശ്രീമതി.കാഞ്ചന.എം | വ്യവസായ വികസന ഓഫീസർ | 01-04-2019 | 21-01-2020 |
| ശ്രീമതി.നദീറ ബീഗം | വ്യവസായ വികസന ഓഫീസർ | 22-01-2020 | 31-03-2020 |
| ഡോ.എലിസബത്ത് ചീരൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രമ.എസ്.ആർ | സി.ഡി.പി.ഒ | 01-04-2019 | 15-07-2019 |
| ശ്രീമതി.യമുന. | സി.ഡി.പി.ഒ | 16-07-2019 | 31-03-2020 |
| ശ്രീമതി.ഷൈലജാദേവി | ക്ഷീരവികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 13-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-2-1 |
| 4 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം- വ്യക്തതയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 13-12-2021)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 13-12-2021) | 1-2-2 |
| 5 | വി.ഇ.ഒ യുടെ പേരിലുള്ള അക്കൌണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 01-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-2-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 13-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-3 |
| 7 | സാമ്പത്തികവിശകലനം<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-5 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lathakumari M (Audit Officer, On 24-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-6 |
| 10 | അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 12-12-2021) | 1-7 |
| 11 | ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് രസീത്ബുക്ക് ഉപയോഗിക്കുന്നില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-8 |
| 12 | ഉപയോഗശൂന്യമായ വസ്തുക്കളുടെ ലേലം നടത്തിയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-9 |
| 13 | ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ<br>Written By: KALA P. (Auditor, On 13-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-10 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 14-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-11 |
| 15 | നിർവ്വഹണ ഏജൻസികൾ നിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 14-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-12 |
| 16 | തുടർസാക്ഷരതാ ധനസഹായം പദ്ധതി-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 14-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-13 |

| | | |
|---|---|---|
| 17 | BSNL ടവർ-വിശദാംശം ലഭ്യമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 14-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-14 |
| 18 | പട്ടികജാതി മേഖലയിലെ പദ്ധതികൾ- നടത്തിപ്പിലെ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-15 |
| 19 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി. വാട്ടർടാങ്ക്- തുക അധികം ചെലവഴിച്ചു<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-15-1 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മാർഗ്ഗരേഖ നിർദ്ദേശം കൃത്യമായി പാലിക്കുന്നില്ല - 1200000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-15-2 |
| 21 | ഒരു ഗുണഭോക്താവിന് വേണ്ടിമാത്രമായി പ്രോജക്ട് നടപ്പാക്കിയിരിക്കുന്നു- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-15-3 |
| 22 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പദ്ധതികളിലെ അപാകങ്ങൾ<br>Written By: KALA P. (Auditor, On 14-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-16 |
| 23 | പശുവാങ്ങൽ -പദ്ധതി അപാകതകൾ - 110700/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു<br>Written By: KALA P. (Auditor, On 14-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-02-2022) | 1-17 |
| 24 | നക്ഷത്ര വനം പദ്ധതി- പാഴ് ചെലവ്<br>Written By: Zeena K (Senior Grade Auditor, On 06-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-18 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-19 |
| 26 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-20 |
| 27 | KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 14-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-21 |
| 28 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഇലക്ട്രിക്ക് ലൈസൻസുള്ളവർ നടത്തേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 12-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-22 |
| 29 | നീക്കിയിരിപ്പ് തുകയായ 665954/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-23 |
| 30 | സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-24 |
| 31 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചത് ക്രമപ്രകാരമല്ല.<br>Written By: Zeena K (Senior Grade Auditor, On 12-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-25 |

| | | |
|---|---|---|
| 32 | കരാറുടമ്പടി വയ്ക്കുന്നതിൽ വൈകിയതിൽ പിഴ ഈടാക്കിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 29-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-26 |
| 33 | ലോഗ് ബുക്ക് പരിശോധന സംബന്ധിച്ച്<br>Written By: KALA P. (Auditor, On 15-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 1-27 |
| | ഭാഗം **2** | |
| 1 | കരാറുടമ്പടി വയ്ക്കുന്നതിൽ വൈകിയതിൽ പിഴ ഈടാക്കിയിട്ടില്ല.17238/-രൂപ ഈടാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 12-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 13-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 13-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 24-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 13-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 24-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 24-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 24-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 24-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 24-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Zeena K (Senior Grade Auditor, On 24-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 09-02-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ളോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ ബജറ്റ് 25/02/2019-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം 1 പ്രകാരം അംഗീകരിച്ചു. 891869600/- രൂപ വരവും 880419600/- രൂപ ചെലവും 11450000/-രൂപ നീക്കിയിരിപ്പും ,പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അംഗീകരിച്ചത്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 02.07.2020 |

## 1-2-1 വാർഷികധനകാര്യപത്രിക- അപാകതകൾ

1. സാംഖ്യയിൽ അക്കൌണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ നടത്താത്തതിനാൽ അക്കൌണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
2. വികസനഫണ്ട്(ജനറൽ) വരവ് വാർഷികധനകാര്യപത്രിക പ്രകാരമുള്ളതും(44511543), എ.സി.ആർ. പ്രകാരമുള്ളതും(45673085) പൊരുത്തപ്പെടുന്നില്ല.
3. വാർഷികധനകാര്യപത്രിക പ്രകാരം 'Advance To Implementing Officer' ഇനത്തിൽ 64277/- രൂപയും, 'Advance To Others' ഇനത്തിൽ 820242/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം അഡ്വാൻസ് ഇനത്തിൽ 130000/- രൂപ മാത്രമേ നൽകിയിട്ടുള്ളൂ.
4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല
5. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ഐ.എ.വൈ. ലോണിനത്തിൽ 1478800/- തുക തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിലും, ലോൺരജിസ്റ്ററിലും പ്രസ്തുത ലോണിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
6. എം.എൻ.ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലെ വരവ്, ചെലവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല
7. എം.എൻ.ആർ.ഇ.ജി.എസ് - അഡ്വാൻസ് തുക വാർഷികധനകാര്യപത്രിക പ്രകാരമുള്ളതും, ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതും പൊരുത്തപ്പെടുന്നില്ല

| ഇനം | എ.എഫ്.എസ്. പ്രകാരമുള്ളത് | ക്യാഷ്ബുക്ക്/ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് | വ്യത്യാസം |
|---|---|---|---|
| അഡ്വാൻസ് നൽകിയ തുക | 820242 | 906205 | 85963 |
| ക്രമീകരിക്കാൻ ബാക്കിയുള്ള തുക | 766296 | 852259 | 85963 |

8. ബാങ്ക്ബുക്കിൽ തെറ്റായി വരവ്/ചെലവ് രേഖപ്പെടുത്തിയ ശേഷം അത് പിന്നീട് ക്യാൻസൽ ചെയ്യുന്നതായി കാണുന്നു. ഉദാഹരണമായി ചെക്ക് ഇഷ്യൂരജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തികവർഷം നൽകിയ ചെക്കുകൾ 2019-20 വർഷത്തെ ബാങ്ക് ബുക്കിൽ ചെലവായിരേഖപ്പെടുത്തിയിരിക്കുന്നു (ഉദാ. ചെക്ക് നം. 2518474/27.3.19, 2518475/27.3.19, 2518476/28.3.19, 2518477/29.3.19 എന്നിവ ട്രെഷറി റ്റി.എസ്.ബി. ബാങ്ക്ബുക്കിൽ 2.04.2019 ൽ ചെലവായി രേഖപ്പെടുത്തിയശേഷം അതേ ദിവസം തന്നെ വരവായി എടുത്ത് അഡ്ജസ്റ്റ് ചെയ്തിരിക്കുന്നു).

    വരവ്/ചെലവ് അതാത് ദിവസം തന്നെ ബാങ്ക്ബുക്കിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

9. B-4 Schedule പ്രകാരം 3253591/-രൂപ വിവിധ ഏജൻസികളിൽ നിന്ന് ലഭ്യമായി ചെലവഴിക്കാത്ത ബാധ്യതയായി കാണുന്നു. ആയത് ചെലവഴിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നല്കേണ്ടതാണ്
10. Central Bank Of India(Plan) മുന്നിരിപ്പ് 135222/- രൂപയായും, നീക്കിയിരിപ്പ് - 0 ആയും എ.എഫ്.എസ്-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അക്കൌണ്ട് 2018-19 സാമ്പത്തികവർഷം ക്ലോസ് ചെയ്തതാണ്(12.10.2018 ന്).

11. ട്രെഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 27.12.2019 ന് 2,00,000/- രൂപ അക്കൌണ്ടിൽ വരവായി വന്നിട്ടുണ്ട്. എന്നാൽ ആയത് ബാങ്ക്ബുക്കിൽ വരവായി ബുക്ക് ചെയ്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം) മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം- വ്യക്തതയില്ല

വാർഷികധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം 984370/- രൂപ തൻവർഷം വരവും, 1489995/- രൂപ നീക്കിയിരിപ്പുമുണ്ട്. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 700000/- രൂപ ലഭിച്ചതിൽ മുഴവനം PMAY പദ്ധതിക്കായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ല. അപാകതയ്ക്ക് വ്യക്തതവരുത്തേണ്ടതും, പരിഹരിക്കേണ്ടതുമാണ്.

## 1-2-3 വി.ഇ.ഒ യുടെ പേരിലുള്ള അക്കൌണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വി.ഇ.ഒ മാരുടെ പേരിൽ ഐ.എ.വൈ പദ്ധതിക്കായി ആരംഭിച്ചിരുന്ന ബാങ്ക് അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് വിവരം(ബാങ്ക് സ്റ്റേറ്റ്മെന്റ്-അക്കൌണ്ട് ക്ലോസ് ചെയ്തത് ഉൾപ്പെടെ), ആയത് സർക്കാരിൽ ഒടുക്കിയതിന്റെ ചലാന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വി.ഇ.ഒ.മാരുടെ പേരിൽ ഐ.എ.വൈ.പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൌണ്ട് സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

1. 2019-20വർഷത്തെ എ.സി.ആർ. പ്രകാരം പ്ലാൻഫണ്ട് ലഭിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു

| ഗ്രാന്റ് | വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 67716000 | 44511543 (*) | 23204457 |
| വികസന ഫണ്ട് (SCP) | 26970000 | 23754591 | 3215409 |
| വികസന ഫണ്ട് (TSP) | 672000 | 472800 | 199200 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 8847000 | 6753275 | 2093725 |

(*)- എ.സി.ആർ പ്രകാരം ഈ ഇനത്തിലെ ചെലവ്- 45673085/- രൂപയാണ്

2. മേഖലാവകയിരുത്തൽ- അപാകതകൾ

1. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വകയിരുത്തൽ നടത്തിയതിന്റെ 41% മാത്രമേ ചെലവഴിച്ചിട്ടുള്ളു.
2. മാർഗ്ഗരേഖ ഖ.5.4.1(4) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% മാലിന്യസംസ്കരണത്തിനും, ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളമിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്. ഇത്തരത്തിൽ വകയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നൽകിയില്ല.
3. മാർഗ്ഗരേഖ ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റിചെലവഴിക്കാനോ പാടില്ല എന്നിരിക്കെ ബജറ്റ് പ്രകാരം പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 12% തുകയും, പട്ടികവർഗ്ഗഉപപദ്ധതിക്കായി ലഭിച്ച 30% തുകയും പാഴായിരിക്കുന്നു.
4. ഖണ്ഡിക 5.4.1(9) ബ്ലോക്ക്പഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30% ൽ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താൻ പാടുള്ളതല്ല. ഇപ്രകാരം കണക്കാക്കുമ്പോൾ പരമാവധിവകയിരുത്താൻ കഴിയുന്ന തുക 8091000/- രൂപയാണ്. എന്നാൽ 8323179/- രൂപ വകയിരുത്തിയിരിക്കുന്നു.
5. മേഖലാ വകയിരുത്തലുകളിലെ ചെലവ് ശതമാനം ചുവടെ ചേർക്കുന്നു. ഇതിൽ പട്ടികവർഗ്ഗം പശ്ചാത്തലമേഖലയിൽ ചെലവ് ശതമാനം പൂജ്യം ആണ്. കൂടാതെ പൊതുവിഭാഗം -ഉൽപ്പാദനം, പശ്ചാത്തലം, പട്ടികജാതി- പശ്ചാത്തലം മേഖലകളിൽ വകയിരുത്തിയതിന്റെ പകുതിപോലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 16604620 | 7144816 | 43 |
| | സേവനം | 42340673 | 32972389 | 78 |
| | പശ്ചാത്തലം | 11513639 | 4008354 | 35 |
| പട്ടിക ജാതി വിഭാഗം | സേവനം | 20808091 | 19715246 | 95 |
| | പശ്ചാത്തലം | 8323179 | 3928645 | 47 |
| പട്ടിക വർഗ്ഗ വിഭാഗം | പശ്ചാത്തലം | 199200 | 0 | 0 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7603783 |
| വരവ് | 95204091 |
| ആകെ | 102807874 |
| ചെലവ് | 96070214 |
| നീക്കിയിരുപ്പ് | 6737660 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃവിഹിതം ഉൾപ്പെടാതെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 118 | 110440754 | 86 | 75492209 | 32 | 68% |

ചുവടെ ചേർക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ തുക വകയിരുത്തിയതിന്റെ പകുതിയിൽ കുറവ്മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് ശതമാനം | നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം |
|---|---|---|
| അസി. എക്സി.എൻജിനീയർ | 35% | ഫണ്ടിന്റെ അപര്യാപ്തത കാരണം ക്യൂബില്ലായതിനാലാണ് തുക ചെലവഴിച്ചതിൽ കുറവ് വന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത് |
| കൃഷി അസി. ഡയറക്ടർ | 22% | മറുപടി നൽകിയില്ല |
| വ്യവസായവികസന ഓഫീസർ | 8% | മറുപടി നൽകിയില്ല |

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുകയാണെങ്കിൽ ഫണ്ട് അപര്യാപ്തത കാരണം ക്യൂബില്ലാവുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്. പ്രയോജനപ്രദമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധിക്കേണ്ടതും, കൃഷി അസി. ഡയറക്ടറും, വ്യവസായവികസന ഓഫീസറും അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/01/20 മുതൽ 22/01/2020 വരെ | 2018-19 | 18-01-21 |

| | | | |
|---|---|---|---|
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 15/06/15മുതൽ 26/06/15 വരെ | 2012-13 മുതൽ 2014-15 വരെ | 18-08-2015 |

## 1-7 അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

അഡ്വാൻസ് രജിസ്റ്റർ പ്രകാരം നൽകിയ തുകയും വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. എം.എൻ.ആർ.ഇ.ജി.എസ്-ന് നൽകുന്ന അഡ്വാൻസ് സംബന്ധിച്ച് കൃത്യമായ കണക്ക് ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 130000/- രൂപ അഡ്വാൻസ് ഇനത്തിൽ വിവിധ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | പേര് | നല്കിയ തുക |
|---|---|---|
| 29.11.2019 | ശ്രീ.ബി.സതീശൻ | 60000/- ( ചെക്ക് നം.- 201247) |
| 6.12.2019 | ശ്രീ.ബി.സതീശൻ | 20000/- ( ചെക്ക് നം.- 201248) |
| 6.1.2020 | ശ്രീ.അജയ്ഘോഷ് | 50000/- ( ചെക്ക് നം.- 2295805) |

....................

## 1-8 ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് രസീത്ബുക്ക് ഉപയോഗിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20-ൽ നിർവ്വഹണോദ്യോഗസ്ഥർ പണം സ്വീകരിക്കുന്നതിന് രസീത് നിർബന്ധമായും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടികജാതി വികസനഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.66/20 (പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി. വാട്ടർടാങ്ക്), പ്രോജക്ട് നം.67/20 (പട്ടികജാതിക്കാർക്ക് സൌരറാന്തൽ) എന്നിവ പ്രകാരം തൻവർഷം 28250/- രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് പഞ്ചായത്ത് രസീത് നൽകുന്നില്ല.

പദ്ധതി നിർവ്വഹണത്തിന്റെ അവസാനഘട്ടം ആയതിനാൽ റ്റി.ആർ.5 രസീത് ലഭ്യമാക്കി ഗുണഭോക്തൃവിഹിതം പിരിക്കാനുള്ള കാലതാമസം ഉണ്ടാകുമെന്നതിനാൽ താൽക്കാലിക രസീത് ഉപയോഗിച്ചാണ് ഗുണഭോക്തൃവിഹിതം പിരിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് രസീത് ലഭ്യമാക്കി ഗുണഭോക്തൃവിഹിതം പിരിക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ഉപയോഗശൂന്യമായ വസ്തുക്കളുടെ ലേലം നടത്തിയില്ല

15.07.2019 ലെയും, 24.09.2019 ലെയും ഭരണസമിതി ബ്ലോക്ക് ഓഫീസിലെ ഉപയോഗയോഗ്യമല്ലാത്ത Generator (Honda)-1, Machine-5, Machene Table - 4, Plastic Chair- 5, Metal Chair-5, Almarah (Metal) -13, Table (Metal)- 5, Stand Fan-1, Tyre- 19, Battery- 3 എന്നിവ ലേലം ചെയ്യാൻ വാല്യുവേഷൻ നടത്താൻ അസി.എക്സി. എൻജിനീയറോട് ആവശ്യപ്പെടാനും( യഥാക്രമം തീരുമാനം നം. 5-1, 6-1) , 24.09.2019 ലെ ഭരണസമിതി ബ്ലോക്ക് ഓഫീസ്, അസി.എക്സി.എൻജിനീയറുടെ ഓഫീസ് എന്നിവിടങ്ങളിലെ ഉപയോഗശൂന്യമായ 11 കമ്പ്യൂട്ടർ, ഒരു പ്രിന്റർ, ഒരു ലാപ്ടോപ്പ്, നാല് യു.പി.എസ്, ഒരു ടൈപ്പ്റൈറ്റർ എന്നിവ ലേലം ചെയ്യാൻ അംഗീകാരം നൽകിയും (തീരുമാനം നം.6-4) തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്മേൽ തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-10 ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ

1. പോജക്ടിന്റെ പേര് --- അംഗനവാടി കെട്ടിട നിർമ്മാണം

പ്രോജക്ട് നം --- S0031/20

ആകെ അടങ്കൽ തുക --- 2100000

ചെലവ് തുക --- 1800000

ബിൽ നം ---02/2019-20 Dt, 23/09/2019 -300000

06/2019-20 Dt, 11/10/2019 -600000

07/2019-20 Dt, 20/01/2020 -300000

08/2019-20 Dt, 20/01/2020 -300000

09/2019-20 Dt, 20/01/2020 -300000

പ്രസ്തുത ഫയൽ പരിശോധിച്ചപ്പോൾ ഓരോ അംഗനവാടിയ്ക്കും 300000/- രൂപ വീതം 5 പഞ്ചായത്തുകൾക്ക് നൽകിയ രേഖയാണ് ഉള്ളത് . എന്നാൽ ബിൽബുക്ക് പ്രകാരം 1800000/-രൂപ മാറിയിട്ടുണ്ട്. ബാക്കി തുകയായ 3 ലക്ഷം രൂപയുടെ ചെലവ് വിവരം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2. പോജക്ടിന്റെ പേര് --- ബ്ളോക്ക്പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ ഇൻ സിനറേറ്റർ,അലമാര, ഷീപാഡ് സ്ഥാപിക്കൽ

പ്രോജക്ട് നം -- 112/20

ആകെ അടങ്കൽ തുക – 525000

ചെലവ് -- 522802

ബിൽ നം --- 01/2019-20 Dt, 2 9/08/2019, 522802/-

പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചപ്പോൾ അലമാര വിതരണം ചെയ്ത ആകെ 5 സ്കൂളുകളിൽ 3 സ്കൂളുകൾ മാത്രമാണ് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുള്ളത്

ഷീപാഡ് വിതരണം ചെയ്ത ആകെ 5 സ്കൂളുകളിൽ 4 സ്കൂളുകൾ മാത്രമാണ് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുള്ളത് . സാധന സാമഗ്രികൾ കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-10-1 പകൽവീട് പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് – പകൽ വീട് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ
പ്രോജക്ട് നം. -30/20
ആകെ അടങ്കൽ തുക -600000
ആകെ ചെലവ് -600000
ബിൽ നം. -11/2019-20 Dtd:05/09/2019 300000
10/2019-20 Dtd: 28/09/2019 300000

പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചപ്പോൾ പ്രോജക്ട് പ്രകാരം 1200000/- രൂപ അടങ്കൽ തുകയായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ ചെലവ് പത്രിക പ്രകാരം 600000/- രൂപയാണ് ആകെ അടങ്കലും ചെലവും കാണിക്കുന്നത്. റിവൈസ്ഡ് പ്രോജക്ട് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇതിനു പുറമേ ഓരോ പഞ്ചായത്തുകൾക്കും പകൽ വീട് പദ്ധതി പ്രകാരം നൽകിയ തുകയുടെ വിശദാംശം ഓഡിറ്റിൽ ലഭ്യമല്ല. അതുപോലെ പഞ്ചായത്തുകളുടെ വിഹിതം കൈപ്പറ്റിയ കൈപ്പറ്റ് രസീതും, വിനിയോഗ സാക്ഷ്യപത്രം, മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ ബാക്കി തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് അടച്ചതിന്റെ രേഖയും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.
മേൽ പറഞ്ഞ വിഷയങ്ങൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 06/12/2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-11 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് രസീത്ബുക്ക് ഉപയോഗിക്കുന്നില്ല
2.അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
3.നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല .
ടി അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-12 നിർവ്വഹണ ഏജൻസികൾ നിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ

വിവിധ നിർവ്വഹണ ഏജൻസികൾ നിർവ്വഹിച്ച പദ്ധതികളുടെ ഫയൽ പരിശോധിച്ചപ്പോൾ ,അവയിൽ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല എന്ന് കണ്ടു .

A.നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.(ഓഡിറ്റ് എൻക്വയറി നം-9)

| ക്രമ നം. | പ്രോജക്ട് നം./പേര് | തുക(രൂ) | ബിൽ നം.,തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | വയോമിത്രം ബ്ലോക്ക് വിഹിതം | 1000000 | 11/21-8-19 | സോഷ്യൽ സെക്യൂരിറ്റി മിഷൻ. |
| 2 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 7680000<br>950000<br>950000<br>556000 | 8/30-7-19<br>20/27-8-19<br>22/27-8-19<br>13/27-8-19 | വിവിധ ഗ്രാമ പഞ്ചായത്തുകൾ |
| 3 | ലൈഫ് ഭവന പദ്ധതി (SCP) | 683200<br>900000<br>824000<br>929886 | 16/27-8-19<br>17/27-15/27-8-19 | വിവിധ ഗ്രാമ പഞ്ചായത്തുകൾ |
| B | നിർവ്വഹണ ഉദ്യോഗസ്ഥ-ഡയറി എക്സ്റ്റൻഷൻ ഓഫീസർ(ഓഡിറ്റ് എൻക്വയറി നം-14) | | | |
| 4 | 75,ക്ഷീര സമൃദ്ധി(ജനറൽ) | 1919465 | 12/16-8-19 | വിവിധ ഗ്രാമ പഞ്ചായത്തുകൾ |
| 5 | 76,ക്ഷീര സമൃദ്ധി(SCP) | 1597451 | 13/16=8-19 | വിവിധ ഗ്രാമ പഞ്ചായത്തുകൾ |

സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-13 തുടർസാക്ഷരതാ ധനസഹായം പദ്ധതി-അപാകങ്ങൾ

1.പ്രോജക്ട് നം 22 പ്രകാരം പത്താം തരം തുല്യത-തുടർസാക്ഷരതാ ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി,25 ഗുണഭോക്താക്കൾക്കായി 43750 രൂപ (ബിൽ നം 44/17-12-19) സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്.

2.പ്രോജക്ട് നം 24 പ്രകാരം ഹയർ സെക്കണ്ടറി തുല്യതരണ്ടാം- വർഷം-തുടർ സാക്ഷരതാ ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി,23 ഗുണഭോക്താക്കൾക്കായി 50600 രൂപ (ബിൽ നം 44/17-12-19) സാക്ഷരതാമിഷന്കൈമാറിയിട്ടുണ്ട്

3.പ്രോജക്ട് നം 23 പ്രകാരം ഹയർ സെക്കണ്ടറി തുല്യത-ഒന്നാം- വർഷം-തുടർ സാക്ഷരതാ ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി,23 ഗുണഭോക്താക്കൾക്കായി 48400 രൂപ (ബിൽ നം. 45/17-12-19) സാക്ഷരതാമിഷന്കൈമാറിയിട്ടുണ്ട്.ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു. ഇതു സംബന്ധിച്ച് നൽകിയ (ഓഡിറ്റ് എൻക്വയറി-നം11) ന് മറുപടി ലഭ്യമായില്ല.

A. ടി തുകകൾക്കുള്ള കൈപ്പറ്റു രസീത്,വിനിയോഗസാക്ഷ്യ പത്രം എന്നിവ ഫയലിൽ ഇല്ല.

എത്ര ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കി എന്നോ,എത്ര പേർ പരീക്ഷ എഴുതി എന്നോ,എത്ര ഗുണഭോക്താക്കൾ സാക്ഷരതാമിഷന്റെ ക്ലാസിൽ പങ്കെടുത്തുവെന്നോ,ഉള്ള വിവരം ഫയലിൽ ഇല്ല.ടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-14 BSNL ടവർ-വിശദാംശം ലഭ്യമാക്കേണ്ടതാണ്.

"ബ്ലോക്ക് കോമ്പൌണ്ടിൽ സ്ഥാപിച്ചിരിക്കുന്ന BSNL ടവർ എപ്രകാരം, എന്തിനു വേണ്ടി സ്ഥാപിച്ചുവെന്നും,എന്താണ് ഇതിന്റെ ആവശ്യം എന്നതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാൻ ജനറൽ കമ്മിറ്റിയോച് അഭ്യർത്ഥിച്ചു തീരുമാനിച്ചു."എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13/8/19 ലെ മിനിട്സ് തീരുമാനം 5 ആയി രേഖപ്പെടുത്തിയിരിക്കുന്നു.ടി തീരുമാനപ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ, എന്നും,ബ്ലോക്ക്പഞ്ചായത്തും BSNLഉം തമ്മിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും കരാർ നിലവിലുണ്ടോ എന്നും ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-15 പട്ടികജാതി മേഖലയിലെ പദ്ധതികൾ- നടത്തിപ്പിലെ അപാകതകൾ

പട്ടികജാതിമേഖലയിലെ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ വിശദമാക്കുന്നു. ഇതിൽ മുൻവർഷഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ തൻവർഷവും ആവർത്തിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

### 1-15-1 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി. വാട്ടർടാങ്ക്- തുക അധികം ചെലവഴിച്ചു

പ്രോജക്ട് നം. - 66/20(പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി. വാട്ടർടാങ്ക്)

അടങ്കൽ - 80000/- (വികസനഫണ്ട്(എസ്.സി.പി))

ചെലവ് - 78000/- (ബിൽ നം. 127/17.3.2020, 129/17.03.2020)

നിർവ്വഹണോദ്യോഗസ്ഥർ - പട്ടികജാതി വികസനഓഫീസർ

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി. വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക്(3750/- രൂപ വച്ച്) രേഖപ്പെടുത്തിയ ട്രിനിറ്റി ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 26 വാട്ടർ ടാങ്കിന് സബ്സിഡി ഇനത്തിൽ 78000/- രൂപ നൽകുകയുമുണ്ടായി.

സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018) പ്രകാരം വാട്ടർടാങ്കിനായി 75% സബ്സിഡിയാണ് അനുവദനീയം. ഇപ്രാകരം കണക്കാക്കുമ്പോൾ ഒരു വാട്ടർടാങ്കിന് 2812.5/- രൂപ സബ്സിഡി നിരക്കിൽ 26 വാട്ടർടാങ്കിനായി ആകെ നൽകാവുന്നത് 73125/- രൂപയാണ്. എന്നാൽ 78000/- രൂപയാണ് സബ്സിഡി ഇനത്തിൽ ചെലവഴിച്ചിരിക്കുന്നത്.

ബ്ലോക്ക് കമ്മിറ്റി തീരുമാനപ്രകാരം സബ്സിഡി തുക 3000/- രൂപയായും, ഗുണഭോക്തൃവിഹിതം 750/- രൂപയായും നൽകാം എന്നുതീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച 4875/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

### 1-15-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മാർഗ്ഗരേഖ നിർദ്ദേശം കൃത്യമായി പാലിക്കുന്നില്ല - 1200000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നം. - 33/20 (പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ - 82,00,000/- (വികസനഫണ്ട്(എസ്.സി.പി))

ചെലവ് - 82,00,000/-

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പ്രോജക്ട് പ്രകാരം 41 ഗുണഭോക്താക്കൾക്കാണ് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്.

A) പദ്ധതി മാർഗ്ഗരേഖപ്രകാരം ബന്ധപ്പെട്ട അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ധനസഹായം നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ ലഭ്യമാക്കാതെ മുഴുവൻ ധനസഹായവും നൽകിയിട്ടുണ്ട്. ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | പൌർണ്ണമി.എസ്, പൌർണ്ണമി ഹൌസ്, വിളപ്പിൽശാല | 200000 |
| 2 | ശ്രീക്കുട്ടൻ.ബി, ശ്രീനിവാസ്, പാറക്കോണം | 200000 |
| 3 | വിസ്മയ.വി, ബിനുനിവാസ്, പൊറ്റയിൽ | 200000 |
| 4 | ശ്രീദേവി.എം.എം, കൊട്ടാരക്കുഴി മേലെതട്ടുവീട്, കരിപ്പൂര് | 200000 |
| 5 | ബൃഹസ്പതി.വി.കെ, വൈഷ്ണവി നിവാസ്, | 200000 |
| 6 | അതുല്യ.എ.എസ്, പുണർതം, കല്ലിയൂർ | 200000 |

വാല്യുവേഷൻ നൽകാമെന്ന ഗുണഭോക്താവിന്റെ ഉറപ്പിലാണ് തുക അനുവദിച്ചിട്ടുള്ളതെന്നും, ആയത് ലഭ്യമാക്കി റിപ്പോർട്ട് ചെയ്യാമെന്നുമാണ് വിശദീകരണം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിലേക്കായി ചെലവു തുക 1200000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

B) നിർമ്മിക്കുന്ന പഠനമുറി 120sq.ft-ൽ അധികരിക്കരുതെന്ന് വ്യവസ്ഥചെയ്യുന്നുണ്ട് (14.02.2018 ലെ സ.ഉ(കൈ)നം.22/2018 /തസ്വഭവ നം. സർക്കാർ ഉത്തരവിൽ, നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം 100 ച.മീ യിൽ അധികരിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിരുന്നു. ഗ്രാമവികസന കമ്മീഷണറുടെ 22.10.2018 ല ഡി.പി.4/5484/18/സിആർഡി(3) നമ്പർ കത്ത് പ്രകാരം ആയത് പരമാവധി 120 ച.മീ-യായി നിജപ്പെടുത്തിയിട്ടുണ്ട്). എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട്. ചില ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പഠനമുറിയുടെ വിസ്തീർണ്ണം |
|---|---|---|
| 1 | അഖിൽ കൃഷ്ണ.എം.എസ്, പെരുകാവ് | 143 Sq.ft |
| 2 | അനശ്വര, നരുവാമൂട് | 158 Sq.ft |
| 3 | ജീവൻ ശക്തി.എം.എം, പെരുകാവ് | 148 Sq.ft |
| 4 | സൂര്യ.എസ്.എസ്, ബാലരാമപുരം | 154 Sq.ft |

പഠനമുറിയുടെ വിസ്തീർണ്ണം തീരെ ചെറുതായിപോകുന്നു എന്ന് ബ്ലോക്ക് കമ്മിറ്റിയിൽ പരാതി ഉണ്ടായിരുന്നുവെന്നും, വിസ്തീർണ്ണം കൂടിയാൽ അധികമാകുന്ന തുക ഗുണഭോക്താക്കൾ സ്വന്തം ചലവിൽ പൂർത്തീകരിക്കാമെന്നും അറിയിച്ചതിനാലാണ് ധനസഹായം അനുവദിച്ചതെന്നുമാണ് വിശദീകരണം നൽകിയത്.

മേൽ അപാകതകൾ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും തൻവർഷവും അപാകത ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15-3 ഒരു ഗുണഭോക്താവിന് വേണ്ടിമാത്രമായി പ്രോജക്ട് നടപ്പാക്കിയിരിക്കുന്നു- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്

പ്രോജക്ട് നം. - 89/20(പട്ടികജാതി വിദ്യാർത്ഥികൾക്ക്- കലാകായിക ജില്ലാതല വിജയികൾക്ക് പാരിതോഷികം)

അടങ്കൽ - 5000/-

ചെലവ് - 5000/-

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂൾ ജില്ലാകലോൽസവം, ജില്ലാ കായിക മത്സരം, യൂണിവേഴ്സിറ്റി മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും, രണ്ടും സ്ഥാനം നേടിയവർക്ക് പ്രോത്സാഹനമായി പാരിതോഷികം നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യത്തോടെ 2,00,000/- രൂപ അടങ്കലിൽ പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കി. സ്കൂൾ ജില്ലാതലം ഒന്നാം സ്ഥാനം ലഭിച്ചാൽ 5000/- രൂപ, രണ്ടാം സ്ഥാനത്തിന് 2500/- രൂപ, യൂണിവേഴ്സിറ്റി തലം ഒന്നാം സ്ഥാനം 7000/- രൂപ, രണ്ടാം സ്ഥാനം 4000/- രൂപ എന്നിങ്ങനെ പാരിതോഷികം നൽകാനാണ് തുക വകയിരുത്തിയിത്. എന്നാൽ പത്രപ്പരസ്യം നൽകിയിട്ടും ഒരു വിദ്യാർത്ഥിമാത്രമേ അപേക്ഷിച്ചിട്ടുള്ളൂ എന്ന കാരണത്താൽ പ്രസ്തുത വിദ്യാർത്ഥിക്ക് മാത്രം ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ 5000/- രൂപ അടങ്കലാക്കി പ്രോജക്ടിന് ഭേദഗതി വരുത്തി. റവന്യൂജില്ലാതല മത്സരത്തിൽ പരിചമുട്ട് മത്സരത്തിന് A ഗ്രേഡ് ലഭിച്ച പ്രസ്തുത വിദ്യാർത്ഥിക്ക് 5000/- രൂപ നൽകിയിരിക്കുന്നു.

സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി.29.1.2018 ഖണ്ഡിക 3.5.6 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളെ ഏറ്റെടുക്കാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിരിക്കുമ്പോഴാണ് ഇത്തരത്തിൽ ഒരു ഗുണഭോക്താവിന് വേണ്ടി മാത്രമായി 5000/- രൂപ മാത്രം അടങ്കലിൽ പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. കൂടാതെ സബ്സിഡി മാർഗ്ഗരേഖപ്രകാരം റവന്യൂജില്ലാമത്സരത്തിന് A ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിന് വ്യവസ്ഥയുമില്ല.

പത്രപ്പരസ്യം നൽകിയിട്ടും ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലാണ് പദ്ധതി അടങ്കൽ 5000/- രൂപയായി നിലനിർത്തിയെന്നും, നിശ്ചിതയോഗ്യതയുള്ള ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലാണ് അപേക്ഷ നൽകിയ വിദ്യാർത്ഥിക്ക് ബ്ലോക്ക് കമ്മിറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിയെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക തിരികെ ഒടുക്കേണ്ടതാണ്.

## 1-16 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പദ്ധതികളിലെ അപാകങ്ങൾ

പദ്ധതിയുടെ പേര്- ചാണകം ഉണക്കിപ്പൊടിച്ച് ജൈവ വളം ആക്കുന്ന യൂണിറ്റ് (SCവനിത)

പദ്ധതി നം-99(SO)

നിർവ്വഹണ ഉദ്യോഗസ്ഥ-ഡയറി എക്സ്റ്റൻഷൻ ഓഫീസർ(ഓഡിറ്റ് എൻക്വയറി നം-14)

അടങ്കൽ തുക -250000/- രൂപ

ചെലവു തുക-10000രൂ,ബിൽ നം-5/29-5-19

80000രൂ,ബിൽ നം-8/29-5-19

ടി പദ്ധതി പ്രകാരം ആകെ 9 പേർക്കാണ് തുക നല്കിയത്.ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1.ചാണകം ഉണക്കുന്നതിനുള്ള ഷെഡ് നിർമ്മാണം,വെയ്യിംഗ് മെഷീൻ, പായ്ക്കറ്റ് സീലിംഗ് മെഷിൻ ,പദ്ധതി വിശദാംശം രേഖപ്പെടുത്തിയ ബാനർ എന്നിവ വാങ്ങൽ എന്നിവ ചെയ്ത്, ഫോട്ടോ സഹിതം അപേക്ഷ സമർപ്പിക്കുമ്പോൾ 10000 രൂപ സബ്സിഡി നല്കിയിരിക്കുന്നു. മിക്ക അപേക്ഷകളോടൊപ്പവും ഷെഡ് നിരമ്മാണ ചെലവിന്റെ ബില്ലുകൾ ഉണ്ടെങ്കിലും,ഒപ്പമുള്ള ഉള്ള ഫോട്ടോകളിൽ, ഷെഡ് പുതുതായി നിർമ്മിച്ചതല്ല എന്ന് കാണാം.അതുപോലെ മിക്ക അപേക്ഷകളോടപ്പവും വെയ്യിംഗ് മെഷീൻ, പായ്ക്കറ്റ് സീലിംഗ് മെഷിൻ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഉണ്ടെങ്കിലും,ഒപ്പമുള്ള ഉള്ള ഫോട്ടോകളിൽ, പഴയ വെയ്യിംഗ് മെഷീൻ ആണുള്ളത്.മിക്ക ഫോട്ടോകളിലും ചാക്കു കെട്ട് ഉണ്ടെങ്കിലും,അതിൽ ചാണകപ്പൊടി ആണോ എന്ന് വ്യക്തമല്ല.വസന്തകുമാരി എന്ന ഗുണഭോക്താവിന്റെ ഫോട്ടോയിൽ ചാക്കിൽ മണ്ണാണ് നിറച്ചിട്ടുള്ളത് എന്ന് വ്യക്തമായി കാണാം. ലതാകുമാരി, സുരജകുമാരി എന്നീ ഗുണഭോക്താക്കളുടെ ഫോട്ടോയിൽ കാണുന്ന ബാനർ, കൃത്രിമമായി ഫോട്ടോഷോപ്പ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്തു ചേർത്തതാണ്.മേല്പറഞ്ഞ കാരണങ്ങളാൽ, സ്ഥല പരിശോധന നടത്തിയ ശേഷമാണ് ആനുകൂല്യം നൽകിയതെന്ന്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഓഡിറ്റ് എൻക്വയറി നം-14 ന് നൽകിയ മറുപടി വാസ്തവമല്ലെന്നു വ്യക്തമാണ്. ഈ വിധത്തിൽ ഫലപ്രദമായ മോണിട്ടറിംഗ് നടത്താതെ പദ്ധതിപണം പാഴാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഭാവിയിൽ ഉണ്ടാക്കേണ്ടതാണ്.

## 1-17 പശുവാങ്ങൽ -പദ്ധതി അപാകതകൾ - 110700/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

പദ്ധതിയുടെ പേര്- പശുവാങ്ങൽ (SCവനിത)

പദ്ധതി നം-103(SO)
നിർവ്വഹണ ഉദ്യോഗസ്ഥ-ഡയറി എക്സ്റ്റൻഷൻ ഓഫീസർ(ഓഡിറ്റ് എൻക്വയറി നം-14)

ചെലവു തുക-105000രൂ,ബിൽ നം-2/29-5-19
-5700രൂ,ബിൽ നം-3/29-5-19
അടങ്കൽ തുക – 166050

വ്യക്തികൾക്ക് പശുവിനെ വാങ്ങാൻ സബ്സിഡി നൽകാൻ ഉദ്ദേശിച്ചുള്ള ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.(ഓഡിറ്റ് എൻക്വയറി-നം26)

1. സബ്സിഡി മാർഗ്ഗരേഖ,സ.ഉ.(കൈ).നം.22/18/തസ്വഭവ,തീയതി14-2-18 ഖണ്ഡിക 6-2 പ്രകാരം,പശുവാങ്ങൽ (SCവനിത-വ്യക്തിഗതം) പ്രോജക്ട് നടപ്പിലാക്കാൻ ഗ്രാമ പഞ്ചായത്തുകൾക്കും, നഗരഭരണസ്ഥാപനങ്ങൾക്കും മാത്രമേ അനുവാദമുള്ളു. നേമം ബ്ളോക്ക് പഞ്ചായത്ത് ടി പ്രോജക്ട് നടപ്പിലാക്കാൻ ജനറൽ കമ്മിറ്റി പ്രത്യേക തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും, ആയത് ഹാജരാക്കിയില്ല.

2. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, ഡോക്കുമെന്റേഷൻ ചെലവു ബ്ളോക്ക് പഞ്ചായത്ത് വഹിക്കുവാൻ വ്യവസ്ഥ ഇല്ല എന്നിരിക്കെ, ബിൽ നം. 3/29-5-19 പ്രകാരം, 5700 രൂപ ഡോക്കുമെന്റേഷൻ ചെലവായി വിനിയോഗിച്ചിരിക്കുന്നു.

3. തൻവർഷം ടി ആനുകൂല്യം ലഭിച്ച ശ്രീമതി.സിന്ധു,വി.ട്രാവൻകൂർ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സോസൈറ്റിയിൽ നിന്നും, ശ്രീമതി.സുജ.ജി.എസ്.,കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും,ശ്രീമതി.പ്രീതി.സി.ബി.,ബാലരാമപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്ത വായ്പകൾക്ക് ബാക്ക് എൻഡ് സബ്സിഡിയായിട്ടാണ് തുക (35000/- രൂപ വീതം) നല്കിയത്.എന്നാൽ ടി വ്യക്തികൾ അതതു ബാങ്കുമായി ഒപ്പുവച്ച കരാർ ഹാജരാക്കിയില്ല.ശ്രീമതി.സിന്ധു,വി.യുടെ (അക്കൌണ്ട് നം.1943) പാസ്ബുക്ക് പരിശോധിച്ചതിൽ,ടിയാൾക്ക് 16-4-19 ന് 55000 രൂപ വായ്പ അനുവദിച്ചതിന്റെയും, ടി തുക അന്നു തന്നെ പിൻവലിച്ചതിന്റെയും രേഖപ്പെടുത്തൽ മാത്രമേ ഉള്ളു എന്നു കണ്ടു.ടിയാൾക്ക് ബ്ളോക്ക് പഞ്ചായത്ത് ബാക്ക് എൻഡഡ് സബ്സിഡിയായി നല്കിയ35000 രൂപ അക്കൌണ്ടു ചെയ്യപ്പെട്ടിട്ടില്ല. ബാക്കിയുള്ള രണ്ട് ഗുണഭോക്താക്കളുടെയും പാസ് ബുക്കുകൾ ആവശ്യപ്പെട്ടുവെങ്കിലും, ലഭ്യമാക്കിയില്ല. എല്ലാ രേഖകളും 2018-19 വർഷത്തെ ഓഡിറ്റ് സമയത്ത് ഹാജരാക്കി എന്നാണ് ഓഡിറ്റ് എൻക്വയറി നം.26 ന് മറുപടി കിട്ടിയത്. 2019-20 വർഷം ചെലവു നടന്നിട്ടുള്ള പ്രോജക്ടുകളുടെ രേഖകൾ മുൻവർഷം ഹാജരാക്കിയിട്ടുണ്ട് എന്നുള്ള മറുപടി ഉചിതമല്ല.

ബിൽ നം-3/29-5-19 പ്രകാരം സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശത്തിനു വിരുദ്ധമായി ടി പദ്ധതിക്കായി

ഡോക്കുമെന്റേഷൻ ചെലവായി ചെലവിട്ട 5700 രൂപയും മേല്പറഞ്ഞ മൂന്നു ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങാൻ സബ്സിഡിയായി നൽകിയ 105000രൂപയും (ബിൽ നം-2/29-5-19) ഉൾപ്പെടെ 110700/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-18 നക്ഷത്ര വനം പദ്ധതി- പാഴ് ചെലവ്

| | |
|---|---|
| പ്രോജക്റ്റ് നം. 47/20 | നക്ഷത്രവനം |
| അടങ്കൽ | 300000/- |
| ചെലവ് | 131250/- |
| നിർവഹണോദ്യോഗസ്ഥൻ | അസി.ഡയറക്ടർ (കൃഷി) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നം/തീയതി | 4/19-20/30.09.2019 |

ബ്ലോക്ക് ഓഫീസിന്റെ കോമ്പൗണ്ടിലുള്ള നക്ഷത്രവനം ജൈവമതിൽ കെട്ടി സംരക്ഷിക്കുന്നതിനും നടപ്പാത നിർമ്മിക്കുന്നതിനും സ്കൂളുകൾക്ക് നക്ഷത്രവനത്തിൽ പെട്ട വൃക്ഷതൈകൾ (27 നക്ഷത്രങ്ങളുടെ പേരിലുള്ള മരങ്ങൾ) നടന്നതിനും ബന്ധപ്പെട്ട ജോലികൾക്കുമായി വികസന ഫണ്ടിൽ നിന്നും 3,00,000/-രൂപ വകയിരിത്തിയിരിക്കുന്നു.

നക്ഷത്ര വനത്തിനായി ചുവടെ ചേർക്കുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ഇനം | തുക |
|---|---|
| ജൈവമതിൽ | 20250/- |
| ജൈവവേലി നിർമ്മിക്കൽ | 56000/- |
| ആർച്ചും ബോർഡും സ്ഥാപിക്കൽ | 24000/- |
| ഔഷധചെടികൾ വാങ്ങുന്നതിനു | 26000/- |
| പരിപാലനത്തിനു | 5000/- |
| ആകെ | 131250/-രൂപ |

മേൽ തുക ചെലവഴിച്ച് സ്ഥാപിച്ച നക്ഷത്രവനത്തിന്റെ നിലവിലത്തെ സ്ഥിതി കാടു പിടിച്ച ദർശനയോഗ്യമല്ലാത്ത അവസ്ഥയിലാണ്.വിവരങ്ങൾ എഴുതിയ ബോർഡിന്റെ മുകളിലേയ്ക്ക് കാട് വളർന്നു മൂടികിടക്കുന്നു.വെള്ളമൊഴിക്കുന്നതിനും കളപറിക്കുന്നതിനുമായി പണിക്കൂലി നൽകികാണുന്നു.കൃത്യമായ പരിപാലനം നടത്തിയിട്ടില്ല.മേൽ പദ്ധതി കൊണ്ട്എന്താണ് ഉദ്ദേശിച്ചത് എന്നു വ്യക്തമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/20 മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്കൂളുകൾക്ക് നക്ഷത്രവനത്തിൽ പെട്ട വൃക്ഷതൈകൾ നട്ടുന്നതിനുംകൂടി വേണ്ടിയാണ് പദ്ധതി ആസൂത്രണം ചെയ്തതെങ്കിലും അത്തരത്തിലുള്ള പ്രവർത്തനം നടപ്പിലാക്കിയില്ല.കൂടാതെ 14.02.2018 ലെ 22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ 7.7 (പരിസ്ഥിതി സംരക്ഷണം) ക്രമ നം .6 പ്രകാരം ആവശ്യമായ തൈകൾ വനം വകുപ്പ് നൽകണമെന്നിരിക്കെ ഔഷധ ചെടികൾ വാങ്ങുന്നതിനായി 26000/- രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിനു നൽകിയിരിക്കുന്നു.

പദ്ധതി പണത്തിന്റെ പാഴ് ചെലവാണെന്നു മാത്രമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. 8/20 | ജലശ്രീ കിണർ റീചാർജ്ജിംഗ് |
| അടങ്കൽ | 522720/- |
| ചെലവ് | 288000/- |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി.ഡയറക്ടർ (കൃഷി) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നം | 1/19-20,2/19-20,3/19-20 |

മേൽ പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന പഞ്ചായത്തുകൾക്ക് ജലശ്രീ പദ്ധതിയ്ക്കായി തുക നൽകിയിരിക്കുന്നു.എന്നാൽ പ്രസ്തുത തുക ചെവലഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് | 72000/- രൂപ |
| മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | 72000/- രൂപ |
| വിളപ്പിൽ ഗ്രാമപഞ്ചായത്ത് | 72000/- രൂപ |
| കല്ലിയൂർ ഗ്രാമപഞ്ചായത്ത് | 72000/- രൂപ |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതു സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 22/20 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗയസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 സ്പ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ ഖണ്ഡിക 11.3 Xii (ഇ)യിലും 29-3-2017 ലെ 72/2017 /തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്പിൽ ഓവറായി തുടരേണ്ടുന്ന പദ്ധതികളെക്കുറിച്ച് തീരുമാനം എടുക്കുകയും അതിനെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്പ്പിൽ ഓവർ പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/20 ലഭ്യമായ മറുപടി സഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | മറുപടി |
|---|---|---|---|
| 1. | 104/19 | തണ്ണിക്കുഴി ശ്രീ സ്വാമി അയ്യപ്പൻ ക്ഷേത്രം റോഡ് പാർശ്വഭിത്തി നിർമ്മാണം-വിളപ്പിൽശാല ഡിവിഷൻ | പ്രദേശത്തെ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന പ്രവൃത്തി റദ്ദു ചെയ്തു. |
| 2. | 106/19 | നേമം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയിലറ്റ് നിർമ്മാണം | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3. | 109/19 | നെല്ലിവിള തെങ്ങുവിള റോഡ് പാർശ്വഭിത്തി നിർമ്മാണം-അതിയന്നൂർ ഡിവിഷൻ | മറുപടി ലഭ്യമാക്കിയിട്ടില്ല |

പദ്ധതികൾ തയ്യാറാക്കുമ്പോൾ തന്നെ ആവശ്യകതയും, പൊതുജനങ്ങളുടെ അഭിപ്രായവും കൂടി കണക്കിലെടുത്ത് തുകകൾ വകയിരുത്തി പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.

പ്രോജക്ട് നം 95 ൽ ഉൾപ്പെടുത്തി,ഇലക്ട്രിക്കൽ ലൈൻ നീട്ടൽ പ്രവൃത്തിക്കായി,KSEB ക്ക് 500000 രൂപ നൽകി. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.(ഓഡിറ്റ് എൻക്വയറി-നം.20)

1.പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം ഫയലിൽ ഇല്ല.

2.വിനിയോഗസാക്ഷ്യ പത്രം ഫയലിൽ ഇല്ല.

3.ടി പ്രവൃത്തി നിർവ്വഹണത്തിനായി,KSEB യുമായി ഒപ്പുവച്ച കരാർ ലഭ്യമല്ല.

4.ടി പ്രവൃത്തിയുടെ Detailed Estimate ഫയലിൽ ഇല്ല.

ടി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-22 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഇലക്ട്രിക്ക് ലൈസൻസുള്ളവർ നടത്തേണ്ടതാണ്.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്നു നിഷ്കർക്കുന്നു.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ട് നം 71/20(വിളപ്പിൽ സി.എച്ച്.സി മെയ്ന്റനൻസ്),പ്രോജക്ട് നം 69/20(ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കൈമാറി കിട്ടിയ വിവധ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ 2-ാം ഘട്ടം) എന്നീ പ്രവൃത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.മേൽ പ്രവൃത്തികളുടെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്തിയ കരാറുകാർക്ക് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ലൈസൻസ് ഇല്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/20 നുള്ള മറുപടിയിൽ പ്രവൃത്തികൾ അസി.എക്സി.എഞ്ചിനീയർ അസി.എഞ്ചിനീയർ എന്നിവരുടെ മേൽ നോട്ടത്തിലാണ് നടക്കുന്നതെന്നു അറിയിച്ചിരിക്കുന്നു.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം അനുശാസിക്കുന്ന രീതിയിൽ ഭാവിയിൽ ഇലക്ട്രിക്ക് വർക്കുകൾക്ക് ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 നീക്കിയിരിപ്പ് തുകയായ 665954/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

അസി.എക്സി.എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ട് നം. 37313617765 ൽ 13.09.2021 വരെ 665954/- രൂപയുടെ നീക്കിയിരിപ്പുണ്ട്. അത് ഇ-ടെണ്ടർ ഫോമിനത്തിൽ ലഭ്യമായ തുകയാണ്.ആയതു ബ്ലോക്ക് പഞ്ചായത്തിലേക്ക് അടിയന്തിരമായി അടവാക്കേണ്ടതാണ്. തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി, രസീത് ലഭ്യമാക്കേണ്ടതാണ്.

## 1-24 സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ അസി.എക്സി.എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ, കരാറുകാർക്ക്, തീയതി രേഖപ്പെടുത്താതെ സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു . വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ഇ-ടെണ്ടർ ലഭിച്ച തീയതി | കരാറുടമ്പടി വച്ച തീയതി |
|---|---|---|---|---|
| 102/20 | ചാനൽക്കര പള്ളിയറ റോഡ് മെറ്റലിംഗ് & ടാറിംങ്ങ്-മാറനല്ലൂർ ഡിവിഷൻ | ജി.ശങ്കരൻനായർ | 14.01.2019 | 27.02.2019 |
| 110/20 | കുരിശുമുട്ടം ഏലാ റോഡ് സംരക്ഷണ ഭിത്തിയും ഓട നിർമ്മാണവും -പേയാട് ഡിവിഷൻ | സുനിൽകുമാർ.ജെ | 14.01.2019 | 1.02.2019 |
| 107/20 | പറയംവിളാകം സാംസ്കാരിക നിലയം നിർമ്മാണം ഒന്നാംഘട്ടം -മാറനല്ലൂർ ഡിവിഷൻ | സുനിൽകുമാർ.ജെ | 19.07.2018 | 15.09.2018 |

സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താതിനാൽ കരാർ സമയബന്ധിതമായാണോ വച്ചിരിക്കുന്നതെന്നു പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/20 നു മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുമ്പോൾ തീയതി രേഖപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിൽ PWD Mannual അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 63/20,സ്വയം തൊഴിൽ സംരംഭങ്ങൾ |
| അടങ്കൽ | 3400000/- |
| ചെലവ് | 600000/- |
| ബിൽ നം. /തീയതി | 1/IEO/2019-20/<br>തീയതി 27.01.2020 |

14.02.2018 ലെ 22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ 6.4 (ചെറുകിട വ്യവസായം) പ്രകാരം വായ്പാബന്ധിത പദ്ധതികൾക്ക് സബ്സിഡി തുക അനുവദിക്കേണ്ടത് വായ്പ നൽകിയ സ്ഥാപനത്തിലേയ്ക്കാണ്.2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചിരിക്കുന്നതിൽ അപാകതയുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ മേൽ പദ്ധതിയ്ക്കായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകാൻ 600000/-രൂപ ചെലവഴിച്ചിരിക്കുന്നു.

ആതിര ഹെർബൽ പ്രോഡക്റ്റ്സ്-പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്-300000/-രൂപ

ഹരിതമിത്ര ജൈവ വള നിർമ്മാണ യൂണിറ്റ്-കല്ലിയൂർ ഗ്രാമപഞ്ചായത്ത്-300000/-രൂപ ഹരിത മിത്ര ജൈവവള നിർമ്മാണ യൂണിറ്റിന് തുക അനുവദിച്ചിരിക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങൾക്ക് തിരുവനന്തപുരം ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ സഹകരണ സംഘത്തിൽ നിന്നുമാണ് വായ്പ നൽകിയിരിക്കുന്നത്. 500000/- രൂപ വായ്പ അനുവദിച്ചതിൽ 300000/-രൂപയാണ് സബ്സിഡിയായി അനുവദിച്ചിരിക്കുന്നത്.

ആതിര ഹെർബൽ പ്രോഡക്റ്റ്സ് എന്ന സ്ഥാപനത്തിന്റെ പാസ്സ് ബുക്കിൽ സുനിത.ആർ, കുമാരി ലത, സിന്ധുദേവി എന്നിവരുടെ പേരിൽ 250000/-രൂപയ്ക്കുള്ള വായ്പയും (ലോൺ നം. 20190075) കുമാരി ബിന്ദു, ഉഷ, സിന്ധുദേവി എന്നിവരുടെ പേരിൽ 250000/-രൂപയ്ക്കുള്ള (ലോൺ നം. 20190074)വായ്പയുമാണ് രണ്ട് അക്കൗണ്ടുകളിലായി ഗുണഭോക്താക്കൾ ലഭ്യമാക്കിയിരിക്കുന്നത്.

ഹരിതമിത്ര ജൈവ വള നിർമ്മാണ യൂണിറ്റ് പാസ് ബുക്ക് ഹാജരാക്കിയിട്ടില്ല.

സബ്സിഡി തുക മേൽ സ്ഥാപനങ്ങളിലെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലുള്ള അക്കൗണ്ടുകളിലേയ്ക്കാണ് നൽകിയിരിക്കുന്നതെന്ന ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സബ്സിഡി തുക സ്ഥാപനങ്ങളിലെ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിരിക്കുന്നതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/20 നുള്ള മറുപടിയിൽ സബ്സിഡി തുക സർക്കാരിന്റെ നിബന്ധനകൾ അനുസരിച്ച് ഗുണഭോക്താവിനു നൽകണമെന്ന നിർദേശത്തിലാണ് തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകിയതെന്ന് അറിയിച്ചിരിക്കുന്നു.

മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ബാങ്ക് വായ്പാ തിരിച്ചടവിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.പദ്ധതി മാർഗ്ഗരേഖ പ്രകാരം വായ്പാ ബന്ധിത പദ്ധതികൾക്ക് തുക അനുവദിക്കുമ്പോൾ തുക സബ്സിഡി വായ്പ അനുവദിച്ച സ്ഥാപനത്തിനു മാത്രമേ അനുവദിക്കാവൂ.

ഭാവിയിൽ ഇത്തരത്തിൽ പദ്ധതികൾ ചെയ്യുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം സബ്സിഡി ബാക്ക് എൻഡ് സബ്സിഡി തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ക്രഡിറ്റ് ചെയ്യേണ്ടതാണ്. പദ്ധതിയുടെ തുടർ വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥർ നിരീക്ഷിക്കേണ്ടതുമാണ്.

## 1-26 കരാറുടമ്പടി വയ്ക്കുന്നതിൽ വൈകിയതിൽ പിഴ ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചു. 17238/- രൂപയുടെ പിഴ ഈടാക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 2-1-ൽ

## 1-27 ലോഗ് ബുക്ക് പരിശോധന സംബന്ധിച്ച്

വിളപ്പിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റീവ് ആബുലൻസിലെ(KL-20H 8778) ലോഗ്ബുക്ക് പരിശോധിച്ചപ്പോൾ ലോഗ്ബുക്കിൽ ഹോം വിസിറ്റ് നടത്തിയതായി രേഖപ്പെടുത്തിയ തീയതികളിൽ ,ഹോം വിസിറ്റ് രജിസ്റ്ററിൽ വിസിറ്റ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. 2019 ഒക്ടോബർ മാസം വരെയുള്ള ബില്ലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| തീയതി | വിസിറ്റ് നടത്തിയ സ്ഥലം | ചെലവായ തുക | ബിൽ നം | ദൂരം |
|---|---|---|---|---|
| 24/04/2019 | ബാലരാമപുരം | 1100 | 37 | 61 |
| 21/06/2019 | മാറനല്ലൂർ | 1100 | 138 | 50 |
| 17/07/2019 | കല്ലിയൂർ | 1100 | 150 | 49 |
| 19/07/2019 | വിളവൂർക്കൽ | 1100 | 157 | 28 |
| 20/07/2019 | വിളപ്പിൽ | 1100 | 158 | 67 |
| 25/07/2019 | മാറനല്ലൂർ | 1100 | 163 | 45 |
| 07/08/2019 | മാറനല്ലൂർ | 1100 | 188 | 59 |
| 15/08/2019 | കല്ലിയൂർ | 1100 | 208 | 68 |
| 21/08/2019 | വിളവൂർക്കൽ | 1100 | 220 | 29 |
| 28/08/2019 | വിളവൂർക്കൽ | 1100 | 233 | 29 |
| 04/09/2019 | കല്ലിയൂർ | 1100 | 244 | 58 |
| 05/09/2019 | ബാലരാമപുരം | 1100 | 246 | 51 |
| 07/09/2019 | മാറനല്ലൂർ | 1100 | 251 | 44 |
| 12/09/2019 | കല്ലിയൂർ | 1100 | 257 | 74 |
| 14/09/2019 | വിളപ്പിൽ | 1100 | 261 | 29 |
| 19/09/2019 | പള്ളിച്ചൽ | 1100 | 264 | 60 |
| 20/09/2019 | ബാലരാമപുരം | 1100 | 269 | 54 |
| 25/09/2019 | മാറനല്ലൂർ | 400 | 275 | 30 |
| 02/10/2019 | വിളപ്പിൽ | 1100 | 285 | 35 |
| 05/10/2019 | പള്ളിച്ചൽ | 1100 | 291 | 52 |
| 12/10/2019 | വിളവൂർക്കൽ | 1100 | 304 | 32 |
| 16/10/2019 | കല്ലിയൂർ | 1100 | 312 | 62 |

മേൽ അപാകതകൾക്ക് വിശദീകരണം നല്കാൻ ആവശ്യപ്പെട്ട് 10/12/2021- ന് നൽകിയ ഓഡിറ്റ് എന്ക്വയറി നം 29/2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കരാറുടമ്പടി വയ്ക്കുന്നതിൽ വൈകിയതിൽ പിഴ ഈടാക്കിയിട്ടില്ല.17238/-രൂപ ഈടാക്കേണ്ടതാണ്.

PWD Mannual ഖണ്ഡിക2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെണ്ടർ സ്വീകരിച്ചതിനു ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് കരാറുകാരനു നൽകേണ്ടതാണ്.സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി ചമയ്ക്കേണ്ടതാണ്.14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴയോടുകൂടി കരാറുമ്പടി വയ്ക്കാമെന്നു നിഷ്കർഷിക്കുന്നു.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ കരാറുടമ്പടി വച്ചതിൽ വൈകിയതിനാൽ പിഴ ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | 19/20 |
| പ്രവൃത്തിയുടെ പേര് | എസ്.സി ട്രെയിനിംഗ് സെന്റർ ചാനൽകര റോഡ് മെറ്റലിംഗ് & ടാറിംങ്-പ്രാവച്ചമ്പലം ഡിവിഷൻ |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 951898 |
| ചെലവ് | 442619 (പാർട്ട് ബിൽ) |
| ബിൽ നം/ തീയതി | 40/17.03.2020 |
| കരാർ തുക | 833600/- |
| എം.ബുക്ക് നം | 409/19-20 |
| സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | 29.08.2019 |
| കരാറിൽ ഏർപ്പെട്ട തീയതി | 19.09.2019 |
| കരാറുകാരന്റെ പേര് | ഹരിദാസൻ നായർ.എസ് |
| ഈടാക്കേണ്ട പിഴ തുക (1% Of PAC) | 8336/- |

2.

| | |
|---|---|
| പ്രോജക്ട് നം | 98/20 |
| പ്രവൃത്തിയുടെ പേര് | വെള്ളൂർക്കോണം ഡോ.എ.പി.ജെ.അബ്ദുൽകലാം റോഡ് മെറ്റലിംഗ് &ടാറിംഗ് |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 479417 |
| ചെലവ് | 455300 |
| ബിൽ നം/ തീയതി | 1/25.07.2019 |
| കരാർ തുക | 468390/- |
| എം.ബുക്ക് നം | 667/18-19 |
| സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | 2.07.2018 |
| കരാറിൽ ഏർപ്പെട്ട തീയതി | 27.07.2018 |
| കരാറുകാരന്റെ പേര് | പ്രദീപ്.എസ് |
| ഈടാക്കേണ്ട പിഴ തുക (1% Of PAC) | 4684/- |

3.

| | |
|---|---|
| പ്രോജക്ട് നം | 115/20 |
| പ്രവൃത്തിയുടെ പേര് | ബ്ലോക്ക് ഓഫീസ് കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് |
| ഫണ്ടിനം | മെയിന്റൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 500000 |
| ചെലവ് | 301974 (പാർട്ട് ബിൽ) |
| ബിൽ നം/ തീയതി | 38/17.03.2020 |
| കരാർ തുക | 421844/- |
| എം.ബുക്ക് നം | 538/19-20 |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | 22.10.2019 |
| കരാറിൽ ഏർപ്പെട്ട തീയതി | 19.11.2019 |
| കരാറുകാരന്റെ പേര് | സുനിൽകുമാർ.ജെ |
| ഈടാക്കേണ്ട പിഴ തുക (1% Of PAC) | 4218/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4/20 ന മറുപടി ലഭ്യമാക്കിയിട്ടില്ല.കരാറുകാരിൽ നിന്നും പിഴ ഈടാക്കി, ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.ഭാവിയിൽ കാലതാമസം ഉണ്ടായാൽ പിഴ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം ലഭ്യമല്ല. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 700000/- രൂപ ലഭിച്ചതിൽ മുഴവനും PMAY പദ്ധതിക്കായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ 4452620/- മുന്നിരിപ്പുണ്ടായിരുന്നു, 984370/- രൂപ തൻവർഷം വരവും, 1489995/- രൂപ നീക്കിയിരിപ്പുമുണ്ട്.
അപാകതയ്ക്ക് വ്യക്തത വരുത്തേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻബാക്കി (എ.എഫ്.എസ് പ്രകാരം) | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ ജനറൽ | 9227218 | 1201837 | - | 10429055 |
| 2 | കെ.എസ്.ഇ.ബി | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1896950 | 500000 | - | 2396950 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്. ലോൺ | സ.ഉ (സാധാ) 1030/10/ ത.സ്വ. ഭ.വ തീയതി. 25.03.2010 | 31144300 | 4063052 | 3114430 | 948623 |
| ഐ.എ.വൈ.ലോൺ- കല്ലിയൂർ കോ- ഓപ്പറേറ്റീവ് ബാങ്ക് (*) | സ.ഉ (എം.എസ്) 90/13/ ത.സ്വ. ഭ.വ തീയതി. 14.03.2013 | 6000000 | 6000000 | 1478800 | 4521200 |

(*)- പ്രസ്തുത ലോൺ സംബന്ധിച്ച വിശദാംശം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 76,03,783 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,52,04,091 |
| ആകെ | 10,28,07,874 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,60,70,214 |
| നീക്കിയിരിപ്പ് | 67,37,660 |
| വരവിനങ്ങളുടെ നഷ്ടം | 17,238 |

| | |
|---|---|
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,10,700 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 17,238 | ഹസ്ര മോൾ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15-2(a) | 12,00,000 | ഉഷാ.കെ.നായർ, (SCഡെവലപ്പ്മെന്റ് ഓഫീസർ) |
| 1-17 | 1,10,700 | ശ്രീമതി.ഷൈലജാദേവി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-17

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഹസ്ര മോൾ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | റ്റി.സി.11/817<br>മുല്ലാടത്തു മൻസിൽ<br>നളന്ദ ജംഗ്ഷൻ<br>കവടിയാർ |
| 2 | ഉഷാ.കെ.നായർ,<br>(SCഡെവലപ്പ്മെന്റ് ഓഫീസർ) | | "ഉഷസ്, TC-41/201(1),<br>വട്ടിയൂർക്കാവ് |
| 3 | ശ്രീമതി.ഷൈലജാദേവി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | തേവനഞ്ഞ വരമ്പ്,<br>കുളത്തൂർ, ഉച്ചക്കട<br>(പി.ഒ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./304/18 തീയതി 16.02.2018 | 1 | |
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./305/18 തീയതി 16.02.2018 | 2 | |
| 2006-07 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./306/18 തീയതി 16.02.2018 | 2 | |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./307/18 തീയതി 16.02.2018 | 4 | |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./308/18 തീയതി 16.02.2018 | 6 | |

| | | | |
|---|---|---|---|
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./309/18 തീയതി 16.02.2018 | 4 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./310/18 തീയതി 16.02.2018 | 4 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/245/18 തീയതി 18.02.2018 | 4 | |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1881/18 തീയതി 23.11.2018 | 11 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/ തീയതി | 18 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/ തീയതി | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.9/2/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്